കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആസ്ഥാനം

1067 [1691] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റേറേറ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആസ്ഥാനം എറണാകുളത്തു നിന്നും മാറാനുള്ള വല്ല ആലോചനയുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടേയ്ക്കു മാറാനാണ് ആലോചനയുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആസ്ഥാനം (രജി സ്റേറർഡ് ആഫീസ്) തിരുവനന്തപുരത്താണ്. എറണാകുളത്ത് ഒരു റീജിയണൽ ആഫീസ് മാത്രമേയുള്ളു. അത് അവിടെനിന്നും മാറാൻ ഇപ്പോഴ് ഉദ്ദേശമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വനംവകുപ്പിന്റെ കീഴിലുള്ള ആനകൾ

1068 [1693] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനംവകുപ്പിന്റെ കീഴിൽ എത്ര ആനകളുണ്ട്;

(ബി) എത്ര കാടുകളിൽനിന്നാണ് ആനകളെ അധികം കിട്ടാറുള്ളത്;

(സി) ആനപിടുത്തത്തിന് ഗവൺമെന്റ് എന്തെങ്കിലും പുതിയ മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 43 (നാൽപ്പത്തിമൂന്ന്)

(ബി) കോന്നി, മലയാറ്റൂർ, നിലമ്പൂർ, കോഴിക്കോട് എന്നീ പ്രദേശങ്ങളിലുള്ള കാടുകളിൽനിന്ന്.

(സി) ഇല്ല.

കൈത്തറി സഹകരണ സംഘങ്ങൾ

1069 [1694] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവുംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇന്ന് എത്ര കൈത്തറി സഹകരണ സംഘങ്ങളുണ്ട്;

(ബി) മാവേലിക്കര കൈത്തറി സഹകരണ സംഘം ഇന്നു പ്രവർത്തിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ അതിന്റെ ഇന്നത്തെ സ്ഥിതി എന്ത്?

ഉത്തരം

(എ) 492 കൈത്തറി സഹകരണ സംഘങ്ങൾ

(ബി) ഇല്ല

(സി) റിസർവ്വ് ബാങ്കിൽനിന്നുള്ള വായ്പക്ക് അർഹത യില്ലാത്തതുകൊണ്ടും, മൂലധനക്കുറവുകൊണ്ടും സംഘം ഇന്ന് പ്രവർത്തന രഹിതമാണ്. അടുത്ത സാമ്പത്തിക വർഷത്തിൽ സംഘം പ്രവർത്ത നോന്മുഖമാക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് എടുത്ത് വരികയാണ്.

വനഭൂമികളിലെ ചന്ദനമരങ്ങൾ

1070 [1699] ശ്രീ. എ.എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനഭൂമികളിൽ മൊത്തം എത്ര ഏക്കർ സ്ഥലത്ത് ചന്ദനമരങ്ങൾ ഉണ്ടെന്നു വ്യക്തമാക്കുമോ;

(ബി) സ്വകാര്യ വനഭൂമിയിൽ ചന്ദനമരങ്ങൾ ഉണ്ടോ? ഉണ്ടെങ്കിൽ അവ എവിടെയാണ് സ്ഥിതിചെയ്യുന്നത്;

(സി) സർക്കാർ വനഭൂമികളിൽ ചന്ദനമരങ്ങൾ പുതുതായി വെച്ചുപിടിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ? ഉണ്ടെങ്കിൽ എവിടെയാണ് നടുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉദ്ദേശം 15.4 ച. കിലോമീറ്റർ സ്ഥലത്ത് അങ്ങി ങ്ങായി ചന്ദനമരങ്ങൾ വളരുന്ന സ്ഥലങ്ങൾ ഇതിൽ ചേർത്തിട്ടില്ല.

(ബി) സ്വകാര്യ വനഭൂമികൾ എല്ലാം സർക്കാർ ഏറ്റെടുത്തു കഴിഞ്ഞു. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

ഈ.എസ്.ഐ. ആശുപത്രികൾ

1071 [1711] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന വർഷം പുതിയ ഈ.എസ്.ഐ. ആശുപത്രികൾ എവിടെയെല്ലാം തുറക്കുന്നുണ്ട്;

(ബി) സംസ്ഥാനത്തെ എത്ര തൊഴിലാളി കുടുംബങ്ങൾക്ക് ഈ ആശുപത്രികൾ പ്രയോജനപ്പെടുന്നുണ്ട്;

(സി) ഈ.എസ്.ഐ. കോർപ്പറേഷന് വ്യവസായികളിൽനിന്ന് ഇതുവരെ പിരിഞ്ഞുകിട്ടാനുള്ള സംഖ്യ എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly